പതിനാലാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1615 05.02.2019 ൽ മറുപടിയ്ക്ക്

# പ്രളയത്തിൽ ഗൃഹോപകരണങ്ങളും ജീവനോപാധികളും നഷ്ടപ്പെട്ടവർക്ക് വായ്പാപദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | | എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| (എ) | പ്രളയ ദുരന്തത്തിൽ ഗൃഹോപകരണങ്ങളും ജീവനോപാധികളും നഷ്ടപ്പെട്ടവർക്ക് ആശ്വാസമേകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പ്രളയ ദുരന്തത്തിൽ ഗൃഹോപകരണങ്ങളും ജീവനോപാധികളും നഷ്ടപ്പെട്ടവർക്കായി കുടുംബശ്രീ വഴി റിസർജൻറ് കേരള ലോൺ സ്കീം എന്ന പലിശരഹിത വായ്പാ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ പ്രളയബാധിതർക്ക് ഗൃഹോപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയും കുടുംബശ്രീ നടപ്പിലാക്കി. നിലവിൽ 15 കമ്പനികളിൽ നിന്നായി മുന്നൂറിലധികം ഉൽപന്നങ്ങൾ പ്രളയബാധിതരായ കുടുംബശ്രീ അംഗങ്ങൾക്ക് ഡിസ്കൗണ്ട് നിരക്കിൽ ലഭ്യമാക്കി വരുന്നു. |
| (ബി) | ഇവർക്ക് സർക്കാർ നല്കുമെന്ന് പ്രഖ്യാപിച്ച പലിശരഹിത വായ്പ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | റിസർജൻറ് കേരള ലോൺ സ്കീം എന്ന പലിശരഹിത വായ്പാ പദ്ധതി വഴി സർക്കാരിന്റെ ഒറ്റത്തവണ ധനസഹായം ലഭ്യമായ പ്രളയബാധിതരായ കുടുംബശ്രീ അംഗങ്ങൾക്ക് ഒരുലക്ഷം രൂപ വരെ പലിശരഹിത വായ്പ ലഭ്യമാക്കിവരുന്നു. 2019 ജനുവരി 30 വരെ 930.21 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട് |
| (സി) | ചെറുകിട-ഇടത്തരം കച്ചവടക്കാർക്ക് പ്രളയം മൂലം ഉണ്ടായ നഷ്ടം നികത്തുന്നതിന് / ആശ്വാസമേകുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (സി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ഡി) | ഏതെല്ലാം ഏജൻസികൾ വഴിയാണ് പ്രസ്തുത വായ്പാപദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ; | (ഡി) | കുടുംബശ്രീ വഴിയാണ് റിസർജന്റ് കേരള ലോൺ സ്കീം നടപ്പിലാക്കുന്നത്. |
| (ഇ) | നാളിതുവരെയായി ഈ ഇനത്തിൽ എത്ര ആളുകൾക്ക് വായ്പ വിതരണം നടത്തിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ? | (ഇ) | 2019 ജനുവരി 30 വരെ 23,347 അയൽക്കൂട്ടങ്ങൾ വഴി 1,39,761 പ്രളയബാധിതർ 1106 കോടി രൂപയുടെ വായ്പയ്ക്കായി അപേക്ഷിച്ചിട്ടുണ്ട്. ഇതിൽ നിന്നും നാളിതുവരെ 15,872 അയൽക്കൂട്ടങ്ങളിലെ 1,18,409 ഗുണഭോക്താക്കൾക്ക് 930.21 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്. |

DaniyaMS

സെക്ഷൻ ഓഫീസർ